Ref: 3466/K-5/KCBC/OL/DS 12-03-2021

# കുടുംബവർഷാചരണത്തോടനുബന്ധിച്ച് കെസിബിസി ഫാമിലി കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

(19.03.2021 - 26.06.2022)

വന്ദ്യവൈദികരേ, ബഹു. സന്ന്യസ്തരേ, വത്സല സഹോദരരേ,

തിരുക്കുടുംബ പാലകനായ വി. യൗസേപ്പിതാവിനെ സാർവ്വത്രിക സഭയുടെ രക്ഷാധികാരിയായി പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച "വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണ'ത്തിലാണല്ലോ തിരുസഭ. ഈ വർഷത്തിൽത്തന്നെ കുടുംബ വർഷാചരണം കൂടി പരിശുദ്ധ പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. ഫ്രാൻസിസ് പാപ്പ കുടുംബങ്ങളുടെ പവിത്രതയും വിവാഹത്തിന്റെ അമൂല്യതയും വ്യക്തമാക്കുന്ന തന്റെ അപ്പസ്തോലിക പ്രബോധനം 'അമോരിസ്‌ലത്തീസ്യ' (സ്നേഹത്തിന്റെ ആനന്ദം) പ്രസിദ്ധീകരിച്ചതിന്റെ അഞ്ചാംവാർഷികത്തിലാണ് കുടുംബവർഷാചരണം പ്രഖ്യാപിച്ചിരിക്കുന്നത്. 2021 മാർച്ച് 19-ന് തുടങ്ങി 2022 ജൂൺ 26-ന് റോമിൽ നടക്കുന്ന ആഗോള കുടുംബസംഗമത്തോടെ കുടുംബവർഷാചരണം സമാപിക്കും. എല്ലാ രൂപതകളിലും ഇടവകകളിലും മാർച്ച് 19-ാം തീയതിയോ അത് കഴിഞ്ഞ് വരുന്ന ഞായറാഴ്ചയോ സമുചിതമായി കുടുംബവർഷാചരണത്തിന് തുടക്കം കുറിക്കേണ്ടതാണ്.

ഓരോ കുടുംബവും യേശു സ്ഥാപിച്ച സഭയുടെ ചെറുപതിപ്പാണ്. അല്ല സഭ തന്നെയാണ്. അതുകൊണ്ടാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ 'ഗാർഹിക സഭ' എന്ന് വിളിക്കുന്നത് . ക്രൈസ്തവ ജീവിതത്തിന്റെ മൂലക്കല്ലായ കൂട്ടായ്മയുടെ പ്രകടമായ രൂപം കാണുന്നത്കുടുംബത്തിലാണ് . വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പയുടെ വീക്ഷണത്തിൽ "ദൈവീക പദ്ധതിയിൽ കുടുംബം സ്ഥാപിച്ചിരിക്കുന്നത് ജീവന്റെയും സ്നേഹത്തിന്റെയും ഒരൊറ്റ കൂട്ടായ്മയായിട്ടാണ്" (കുടുംബം ഒരു കൂട്ടായ്മ നം.17). കുടുംബത്തിൽ ഭാര്യഭർത്താക്കന്മാർ പരസ്പരം തങ്ങളെത്തന്നെ ദാനം ചെയ്ത്, വിവാഹ വാഗ്ദാനത്തോട് അനുദിനം വിശ്വസ്തത പുലർത്തിക്കൊണ്ട് തങ്ങളുടെ കൂട്ടായ്മയിൽ നിരന്തരം വളർച്ച പ്രാപിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

ദൈവം തന്നെ വിവാഹത്തിന്റെയും കുടുംബത്തിന്റെയും സ്ഥാപകനും സംരക്ഷകനും ആയത് കൊണ്ട്ഒരു മഹാരഹസ്യമായാണ്വിശുദ്ധ പൗലോസ്അപ്പസ്തോലൻ വിവാഹത്തെ കാണുന്നത്(എഫേ. 5,32). ഒരർത്ഥത്തിൽ പരിശുദ്ധ ത്രിത്വം ഒരു രഹസ്യമായിരിക്കുന്നതുപോലെ, ത്രിത്വത്തെ വെളിവാക്കുന്ന കുടുംബവും ഒരു രഹസ്യമായി നിലകൊള്ളുന്നു. ത്രിത്വൈക രഹസ്യം മഹാരഹസ്യമായി നിലകൊള്ളുമ്പോഴും മാനവരക്ഷയ്ക്കായി അവതാരം ചെയ്യുകയും മാനവർക്ക് ആ രക്ഷ അനുഭവവേദ്യമാവുകയും ചെയ്തതുപോലെ ഓരോ കുടുംബവും സമൂഹത്തിന് നന്മയുടെ ഉറവിടമായി മാറണം. "സന്തോഷത്തിന്റെ സമാധാനം പേറുന്ന കുടുംബങ്ങൾ സഭയ്ക്കും സമൂഹത്തിനും മുതൽക്കൂട്ടാവുകയും ഇരുളടഞ്ഞ ലോകത്തിന് പ്രകാശമായി മാറുകയും വേണം' (സ്നേഹത്തിന്റെ ആനന്ദം, നം. 66).

പരിശുദ്ധ ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന തന്റെ പ്രബോധനത്തിലൂടെ ഓർമ്മിപ്പിച്ച വിവാഹത്തിന്റെയും കുടുംബജീവിതത്തിന്റെയും വെല്ലുവിളികളെക്കുറിച്ച് വീണ്ടും വീണ്ടും ചിന്തിക്കുവാനും, പല കർമ്മപരിപാടികളിലൂടെയും കുടുംബങ്ങളെ നവീകരിക്കുവാനുമുള്ളതാണ് ഈ കുടുംബവർഷം. തങ്ങളെത്തന്നെ വീണ്ടെടുക്കുവാനും നവീകരിക്കുവാനുമുള്ള ദൗത്യമാണ് പാപ്പ ഓരോ കുടുംബങ്ങൾക്കും ഈ വർഷം നൽകുന്നത്. 'കുടുംബങ്ങളുടെ നവീകരണവും വീണ്ടെടുപ്പും' എന്ന

ഈ കുടുംബവർഷത്തിന്റെ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ രൂപതാ കുടുംബത്തിന്റെയും ഇടവക കുടുംബങ്ങളുടെയും നേതൃത്വത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും അത് നടപ്പിലാക്കുകയും വേണം.

കുടുംബജീവിതത്തിന്റെ പവിത്രതയും പഴയ കെട്ടുറപ്പും നഷ്ട്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലത്ത് വിവാഹതകർച്ചുകളും വിവാഹമോചനങ്ങളും ഏറി വരുന്നുവെന്നത് ദൗർഭാഗ്യകരമായ ഒരു വസ്തുതയാണ്.കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്നതിന് മുൻപ് അതിനായി വേണ്ട ഒരുക്കവും പരിശീലനവുമുണ്ടെങ്കിൽ വിവാഹത്തേയും തുടർന്നുള്ള ജീവിതത്തേയും ശക്തിപ്പെടുത്തുവാൻ അത് സഹായകമാകും. പൊതുവായ മതബോധനവും വിവാഹാർത്ഥികളുടെ വ്യക്തിപരമായ ഒരുക്കവും നടക്കുന്നതോടൊപ്പം വിവാഹത്തെ ക്കുറിച്ചും കുടുംബജീവിതത്തെക്കുറിച്ചുമുള്ള അടിസ്ഥാനപരമായ പരിശീലന പരിപാടികൾ സംഘടിപ്പി ക്കേണ്ടതാണ് രൂപതാതലത്തിൽ സംഘടിപ്പിക്കുന്ന വിവാഹ ഒരുക്ക സെമിനാറുകൾക്ക് പുറമേ ഇടവകതലത്തിൽ കൗമാരക്കാരായ കുട്ടികൾക്ക് വിവാഹ ഒരുക്ക പരിശീലനം നൽകാവുന്നതാണ്.

കുടുംബത്തെ അടിസ്ഥാനപരമായി ഗാർഹിക സഭയായി കാണുമ്പോൾ മാനുഷികവും ധാർമ്മികവുമായ എല്ലാ മൂല്യങ്ങളും വളരേണ്ടതും പക്വത പ്രാപിക്കേണ്ടതും കുടുംബത്തിലാണെന്ന് സഭ അടിവരയിട്ട് പഠിപ്പിക്കുന്നു. നവ മാധ്യമങ്ങളുടെ അതിപ്രസരംമൂലം പങ്കുവയ്ക്കലിന്റെയും കൂട്ടായ്മയുടെയും നന്മകൾ കുടുംബങ്ങളിൽ ശിഥിലമായിക്കൊണ്ടിരിക്കുകയും ഓരോരുത്തരും ഭവനങ്ങളിൽ ഒറ്റപ്പെട്ട തുരുത്തുകളായി മാറുകയും ചെയ്തിട്ടുണ്ട്. ഇക്കാലത്ത് ‘മാധ്യമമുക്ത കുടുംബ മണിക്കൂർ’ (Digital Free Family Hour) കുടുംബങ്ങളിൽ നടപ്പിലാക്കാൻ ശ്രദ്ധിച്ചാൽ കുടുംബങ്ങൾ പ്രാർത്ഥനയുടെയും പരസ്പരമുള്ള സ്നേഹ സംഭാഷണങ്ങളുടെയും ഇടമായി മാറും.

കുടുംബങ്ങളുടെ വീണ്ടെടുപ്പിനും നവീകരണത്തിനുമായി ഇടവകതലത്തിൽ ഈ വർഷം വിവിധങ്ങളായ കുടുംബസംഗമങ്ങൾ നടത്തുന്നത് അഭിലഷണീയമാണ്. വൈദികരുടെയും സന്ന്യസ്തരുടെയും കുടുംബ സംഗമങ്ങൾ, നവദമ്പതിമാരുടെ കുടുംബസംഗമങ്ങൾ, വിവാഹം കഴിഞ്ഞ് പല വർഷങ്ങളിലായിരിക്കുന്ന വരുടെ കുടുംബസംഗമങ്ങൾ... ഇത്തരത്തിൽ സംഘടിപ്പിക്കപ്പെടുന്ന കുടുംബസംഗമങ്ങൾ കുടുംബബന്ധങ്ങൾ ഊഷ്മളമാക്കുവാനും ദൃഢമാക്കുവാനും ഉപകാരപ്പെടും.

പ്രത്യേകമായ കരുതലും സ്നേഹവും പരിഗണനയും ആവശ്യപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തി അവരെ സന്ദർശിക്കുവാനും ആ കുടുംബങ്ങളെ വീണ്ടെടുക്കുവാനുമുള്ള ശ്രമങ്ങൾ കൂടുതലായും ഈ വർഷം നടത്തപ്പെടണം. വാർദ്ധക്യത്തിന്റെയും രോഗത്തിന്റെയും അസ്വസ്ഥതകൾ അലട്ടുന്ന കുടുംബങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനും അവിടെയൊക്കെയും സ്നേഹത്തിന്റെ ആനന്ദം സമ്മാനിക്കാനും കഴിയണം.

കുടുംബവർഷത്തിൽ പ്രോ-ലൈഫ് പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകണം. ഇടവകകളിൽ പ്രോ-ലൈഫ് സമിതികൾക്ക് രൂപം നൽകുകയും ജീവനെതിരെയുള്ള എല്ലാ തിന്മകൾക്കും നേരെ ജ്വലി ക്കുന്ന ശബ്ദമായി മാറുകയും വേണം.

ഇടവകകളിലെ വലിയ കുടുംബങ്ങളെ കണ്ടെത്തി സാധ്യമാകുന്ന വേദികളിൽ ആദരിക്കുകയും, സാമ്പത്തിക പരാധീനതകൾ നേരിടുന്ന വലിയ കുടുംബങ്ങളെ സഹായിക്കുവാനുള്ള പദ്ധതികൾക്ക് രൂപം നൽകുകയും വേണം. വിവാഹ പ്രായമെത്തിയ യുവതീ-യുവാക്കളെ കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും വിവാഹപ്രായം കഴിഞ്ഞിട്ട് വിവാഹിതരാകാതിരിക്കുന്ന വർക്ക് പ്രത്യേക കരുതൽ നൽകുകയും വേണം.

വിവാഹം ഒരു കൂദാശയായി സ്വീകരിക്കാതെ പാപാവസ്ഥയിൽ കഴിയുന്ന കുടുംബങ്ങളെ വീണ്ടെടുക്കുവാൻ പരിശ്രമിക്കണം. വിവാഹ മോചന കേസുകളിൽ തീർപ്പു കൽപ്പിച്ചു കിട്ടുന്നതിന് ഉത്സാഹം കാട്ടാനും ബദ്ധശ്രദ്ധരാകണം.

കുടുംബവുമായി ബന്ധപ്പെട്ട്വിവിധങ്ങളായ ഫോറങ്ങൾക്ക് രൂപം നൽകുകയും, അവ സജീവമായി പ്രവർത്തിക്കാനുള്ള പരിശീലനങ്ങളും തുടർപരിപാടികളും ക്രമീകരിക്കുകയും ചെയ്യണം. അതുപോലെ തന്നെ കുടുംബവുമായി ബന്ധപ്പെട്ട് ഓർത്തിരിക്കേണ്ട ദിനങ്ങൾ അതിപ്രാധാന്യത്തോടെ അനുസ്മരിക്കുകയും, ആഘോഷിക്കുകയും, ക്രിയാത്മകമായി സംഘടിപ്പിക്കുകയും ചെയ്യണം.

കുടുംബം ഒരു വിളിയും ഉത്തരവാദിത്വവുമാണ്. കുടുംബങ്ങളിലെ പ്രശ്നങ്ങളെ തലനാരിഴ കീറി പരിശോധിക്കുന്നതിനെക്കാൾ അവർക്കൊപ്പമുണ്ട് എന്ന ഉറപ്പ് നൽകാനാകണം. ഇന്ന് സഭ വളരേണ്ടതും വിശുദ്ധീകരിക്കപ്പെടേണ്ടതും കുടുംബങ്ങളുടെ വിശുദ്ധീകരണം വഴിയാണ്. "കുടുംബജീവിതം നയിക്കുന്നവർക്ക് അവരുടെ വീണ്ടെടുപ്പിന് കുടുംബത്തിന്റെ വീണ്ടെടുപ്പല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. അതെ, കുടുംബത്തിന്റെ പാതയാണ് സഭയുടെ പാത" (വി. ജോൺപോൾ രണ്ടാമൻ). ആത്മീയമായും ഭാതികമായുംകുടുംബങ്ങളെ വീണ്ടെടുക്കുന്ന ഒരു വർഷമായി ഈ വർഷം മാറട്ടെയെന്നും അതുവഴിയഥാർത്ഥ സ്നേഹവും ആനന്ദവും ഓരോ കുടുംബങ്ങളിലും നിറയട്ടെയെന്നും പ്രാർത്ഥിക്കുന്നു.

അനുഗ്രഹാശിസുകളോടെ,

✠ **ബിഷപ് പോൾ ആന്റണി മുല്ലശ്ശേരി**
(ചെയർമാൻ, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ)

✠ **ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(വൈസ് ചെയർമാൻ,കെ.സി.ബി.സി. ഫാമിലി കമ്മീഷൻ)

✠ **ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ)

**കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,**
**പി.ഒ.സി., കൊച്ചി - 682 025**

N:B: 2021 മാർച്ച് 14-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.